# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4053    24/08/2017-ൽ മറുപടിക്ക്

## 'അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്'

ചോദ്യം    മറുപടി

ശ്രീ.യു.ആർ.പ്രദീപ്

ശ്രീ.ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികളെ അംഗങ്ങളായി ചേർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) നിലവിൽ 2766 തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്. |
| (ബി) | ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | ബി) പി.എഫ്, ഗ്രാറ്റുവിറ്റി, പെൻഷൻ, ഭവന വായ്പ, അംഗത്തിന്റെ മക്കളുടെ വിവാഹത്തിനുള്ള അഡ്വാൻസ്, അംഗത്തിന്റെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്, രോഗചികിത്സയ്ക്കുള്ള അഡ്വാൻസ് എക്സ്ഗ്രേഷ്യാ, മരണാനന്തര ധന സഹായം, സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങൾ താഴെ വിവരിക്കുന്നത് പ്രകാരം നൽകി വരുന്നു.<br><br>**പെൻഷൻ:** പത്തു വർഷം വരെയുള്ള സർവ്വീസ് കാലയളവിന് 1000/- രൂപ മുതൽ ഓരോ അധിക വർഷത്തെ സർവ്വീസിനും 50/- രൂപ വർദ്ധനവ് നൽകി പരമാവധി 2000/- രൂപയാക്കി നിജപ്പെടുത്തി വിതരണം ചെയ്യുന്നു.<br><br>**ഭവന വായ്പ** തൊഴിലാളിയുടെ 12 മാസത്തെ വേതനത്തിൽ കൂടാത്ത തുകയോ അയാളുടെ ക്രെഡിറ്റിലുള്ള അയാളുടേതായ അംശാദായമോ ഇതിൽ ഏതാണോ കുറവ് ആ തുക മുൻകൂറായി നൽകുന്നതാണ്.<br><br>**അംഗത്തിന്റെ മക്കളുടെ വിവാഹത്തിനുള്ള അഡ്വാൻസ്:** പി.എഫ് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ 50% തുക. |

**അംഗത്തിന്റെ മക്കളുടെ**
**വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്:** - 5,000/- രൂപയിൽ കവിയാത്ത തുക

**രോഗചികിത്സയ്ക്കുള്ള അഡ്വാൻസ്** - 500/- രൂപയിൽ കവിയാത്ത തുക.

**ധനസഹായങ്ങൾ**

1) എക്സ്ഗ്രേഷ്യാ - 10,000/- രൂപ,

2) മരണാനന്തര ധനസഹായം - 3,000/- രൂപ

3) സ്കോളർഷിപ്പ് - 08.11.16-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 176/2016/ തൊഴിൽ പ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്തൊഴിലാളി-കളുടെ മക്കൾക്ക് പഠിക്കുന്ന കോഴ്സുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുക അനുവദിക്കുന്നു.

(സി) 2016-17 വർഷം എത്ര കോടി രൂപ വിവിധ ഇനം ആനുകൂല്യങ്ങളായി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

സി)

| വർഷം | പി.എഫ് | ഗ്രാറ്റുവിറ്റി | പെൻഷൻ | എക്സ്ഗ്രേഷ്യാ | മരണാനന്തര ധന സഹായം | ഭവന വായ്പ | ആകെ |
|---|---|---|---|---|---|---|---|
| 2016-17 | 10,66,30,247 | 2,27,72,763 | 58,84,225 | 2,10,000 | 21,000 | 14,30,311 | **13,69,48,546** |

**സെക്ഷൻ ഓഫീസർ**